# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4536** **26.06.2014 ൽ മറുപടിക്ക്**

## പീപ്പിൾസ് ബസാറുകൾ

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.പി.എ.മാധവൻ
ശ്രീ.എ.റ്റി.ജോർജ്ജ്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) സൂപ്പർമാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ബി) ഇതിനുതുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) | പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച.അടിയിലധികം വിസ്തീർണ്ണമുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 22 പീപ്പിൾസ് ബസാറുകൾ പ്രവർത്തിക്കുന്നുണ്ട്. അടുത്ത കാലത്തായി പാലക്കാട്, പത്തനംതിട്ട, കൊടുങ്ങല്ലൂർ, അടൂർ അടിമാലി എന്നീ സൂപ്പർമാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കുകയും അങ്കമാലി, ചുള്ളിക്കൽ എന്നിവിടങ്ങളിൽ പുതിയ പീപ്പിൾസ് ബസാറുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ ;<br>(ഡി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ;വിശദമാക്കുമോ ? | (സി) & (ഡി) | വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. അവശ്യസാധനങ്ങൾക്കു പുറമേ പച്ചക്കറികളും മറ്റ് ഉപഭോക്തൃതാത്പര്യ ഉൽപന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ്സ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ തുടങ്ങിയ സർക്കാർ കമ്പനികളുടേ തടക്കമുള്ള ഒരു കുടുംബത്തിന് |

ആവശ്യമായ എല്ലാ ഉൽപന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. കൂടാതെ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളും ലഭ്യമാണ്.

Beena

**സെക്ഷൻ ഓഫീസർ**